മി. ഡെപ്യൂട്ടി സ്പീക്കർ: Are you concluding today? You can continue next time.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: ഞാൻ അവസാനിപ്പിക്കുകയാണ്. ആഗോളവൽക്കരണത്തിന്റെ വലിയ ആളുകളായി വരുന്നത് അമേരിക്കയും ബ്രിട്ടനുമൊക്കെയാണ്. ബ്രിട്ടനിലെ ടോണി ബ്ലെയറിന്റെ പ്രസ്താവന Our number 1 priority for investment is education. ലേബർ പാർട്ടിയുടെ മാനിഫെസ്റ്റോയിൽ education remains top priority. Knowledge based economy ആണ് ആഗോളവൽക്കരണത്തിന്റെ കാലത്തും ഈ വിദേശ രാഷ്ട്രങ്ങളൊക്കെ സ്വീകരിച്ചുവരുന്നത്. ഇവിടെ മാത്രം വിദ്യാഭ്യാസ രംഗത്ത് നിന്ന് ഗവണ്മെന്റ് പിൻവാങ്ങുക, അതിന്റെ ഫലമായി പാവപ്പെട്ടവർക്ക് അവസരങ്ങൾ നിഷേധിക്കപ്പെടുക എന്ന ഒരു ചിന്ത ഉണ്ടായിരിക്കുകയാണ്. ഇതിന്റെ ഭാഗമായി പാവപ്പെട്ടവർ വിദ്യാഭ്യാസ രംഗത്ത് ഇല്ലാതാകും. അതാണ് ഇത്തരം ഒരു ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്നത്. ഞാൻ തത്ക്കാലം അവസാനിപ്പിക്കുന്നു.

(ചർച്ച തുടരും)

(4) 2003-ലെ കേരള സംസ്ഥാന എസ്.ടി.ഡി., ഐ.എസ്.ഡി. ബൂത്ത് ഓപ്പറേറ്റിംഗ് ജോലികൾ ചെയ്യുന്നവർക്ക് ക്ഷേമനിധി രൂപീകരിക്കുന്ന ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, 2003-ലെ കേരള സംസ്ഥാന എസ്.ടി.ഡി., ഐ.എസ്.ഡി. ബൂത്ത് ഓപ്പറേറ്റിംഗ് ജോലികൾ ചെയ്യുന്നവർക്ക് ക്ഷേമനിധി രൂപീകരിക്കുന്ന ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം.എ.വാഹീദ്: സർ, ഞാൻ പിന്താങ്ങുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എം.ഹസ്സൻ): സർ, ഞാൻ എതിർക്കുകയാണ്. കാരണം എസ്.ടി.ഡി., ഐ.എസ്.ഡി. ബൂത്തിലെ ഓപ്പറേറ്റിംഗ് ജോലികൾ ചെയ്യുന്നവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്താനും പെൻഷൻ കൊടുക്കാനുമുള്ള നിർദ്ദേശമാണ് ഈ ബില്ലിലൂടെ അദ്ദേഹം ഈ സഭയുടെ മുമ്പിൽ കൊണ്ടുവന്നിരിക്കുന്നത്. ഇപ്പോൾത്തന്നെ സർക്കാരിന്റെ പരിഗണനയിലുള്ള കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവരുടെ ക്ഷേമനിധിയിൽ ഇവർക്കും അംഗങ്ങളാകാവുന്നതാണ്. ഇപ്പോൾ കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് ഉണ്ട്. അതിലും ഇവർക്ക് മെമ്പർമാരായി ചേരാവുന്നതാണ്. മാത്രമല്ല, ഈ ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്നത് ഓരോ മാസവും രണ്ട് രൂപ വീതം തൊഴിലാളിയും ശമ്പളത്തിന്റെ അഞ്ച് ശതമാനം തൊഴിലുടമയും അംശദായം നൽകണമെന്നാണ്. അങ്ങനെയുള്ള ഒരു ക്ഷേമനിധി രൂപീകരിക്കുകയെന്നു പറഞ്ഞാൽ സാമ്പത്തികമായി ആ ക്ഷേമനിധിക്ക് യാതൊരു നിലനിൽപ്പും ഉണ്ടാവില്ല. ബോർഡിന്റെ പ്രവർത്തനങ്ങൾക്കുതന്നെ ഭാരിച്ച തുക ചെലവാക്കേണ്ടിവരുന്ന ഒരു സാഹചര്യം ഉണ്ടെന്നുള്ളത് ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ അറിയാവുന്ന എല്ലാവർക്കും

LIBRARY ARCHIVES Kerala Legislative Assembly

അറിയാം. പക്ഷേ ഇങ്ങനെയുള്ള അംശദായം വച്ചുകൊണ്ട് ഒരു ക്ഷേമനിധി രൂപീകരിക്കുക എന്നുള്ളത് അപ്രായോഗികമാണ്. മാത്രമല്ല, ഇവർക്ക് ഇപ്പോൾത്തന്നെ നിലവിലുള്ള ക്ഷേമനിധികളിൽ അംഗങ്ങളാകാമെന്നിരിക്കേ കൂടുതൽ ക്ഷേമനിധി ബോർഡുകളുണ്ടാക്കി ഈ വിധത്തിലുള്ള പ്രവർത്തനം നടത്താൻ ബുദ്ധിമുട്ടുള്ളതുകൊണ്ടാണ് ഞാൻ എതിർക്കുന്നത്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഈ പറഞ്ഞ ഒരു വിഭാഗം ഇന്ന് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരുന്ന വിഭാഗമല്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഉദ്ദേശമാണ് പ്രാവർത്തികമാകുന്നതെങ്കിൽ ഈ വിഭാഗത്തെ എസ്.ടി.ഡി. ബൂത്തുകളിലും അതുപോലുള്ള സെന്ററുകളിലും പ്രവർത്തിക്കുന്ന ആളുകളെ കൊമേഴ്സ്യൽ ആക്ടിന്റെ പരിധിക്കകത്ത് കൊണ്ടുവന്ന് ഈ കാറ്റഗറിയിലേക്ക് അവരെക്കൂടി ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ കേരളത്തിലെ ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്കുവേണ്ടി ഒരു പ്രത്യേക ക്ഷേമനിധി ബോർഡ് രൂപീകരിച്ചു. ഇതിൽ ഷോപ്സ്, എസ്റ്റാബ്ലിഷ്മെന്റ്, എസ്.ടി.ഡി. ബൂത്തുകൾ ഇതെല്ലാം തന്നെ അതിന്റെ പരിധിയിൽ വരും. ഈ തൊഴിലാളികളെല്ലാം അതിൽ കവർ ചെയ്യുകയും ചെയ്യും. അതുകൊണ്ട് ഒരു പ്രത്യേക ക്ഷേമനിധിയുടെ ആവശ്യമില്ല.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: നമ്മുടെ രാഷ്ട്രപിതാവ് മഹാത്മജിയുടെ അമ്പത്തിയാറാമത് രക്തസാക്ഷിത്വത്തിന്റെ വാർഷികമാണിന്ന്. "എന്റെ ജീവിതമാണ് എന്റെ സന്ദേശം" എന്നുപറഞ്ഞ് ഒരു സമഗ്രവും സമ്പൂർണ്ണവുമായ സ്വാശ്രയ
11.00 A.M.] ഭാരതം സ്വപ്നം കണ്ടിരുന്ന രാഷ്ട്രപിതാവിന്റെ ഓർമ്മകൾക്കു മുമ്പിൽ എന്റെ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് സ്വാശ്രയ ഭാരതത്തിന്റെ മുന്നോട്ടുള്ള വഴിത്താരയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയ ഒരു സംവിധാനത്തിന്റെ പരമ്പരയെന്നോണം നടക്കുന്ന കാര്യങ്ങളെക്കുറിച്ചാണ് ഞാൻ ഈ ബില്ലിൽ പ്രതിപാദിക്കുന്നത്. അമ്പതുകളിൽ കാർഷിക വിപ്ലവവും ധവള വിപ്ലവവും നടന്നതിനുശേഷം എൺപതുകളുടെ മദ്ധ്യത്തിൽ മഹാത്മജിയുടെ സന്ദേശങ്ങളെ അർത്ഥപൂർണ്ണമാക്കി യാഥാർത്ഥ്യവൽക്കരിച്ച ഏറ്റവും ശക്തനും ധീരനും യുവാവും ആയിരുന്ന രാജീവ് ഗാന്ധി അദ്ദേഹത്തിന്റെ ഗ്രാമസ്വരാജ് സങ്കൽപ്പം പ്രാവർത്തികമാക്കാൻ പഞ്ചായത്ത് രാജ് സംവിധാനത്തിനുവേണ്ടി ഭരണഘടനാ ഭേദഗതി അവതരിപ്പിച്ചതുപോലെ, അതിനെത്തുടർന്ന് ഇൻഡ്യയിൽ ഏറ്റവും കൂടുതൽ ഗതിവേഗത്തെ മാറ്റിയ വാർത്താവിനിമയ വിപ്ലവം—അദ്ദേഹം രൂപം നൽകിയതിന്റെ ഫലമായി നമുക്ക് കഴിഞ്ഞ പതിനഞ്ച് വർഷക്കാലത്തിനിടയിൽ സംഭവിച്ച ഏറ്റവും വലിയ മുന്നേറ്റമാണ് വാർത്താവിനിമയ വിപ്ലവം. ഇന്ന് നമ്മൾ ഇൻഫർമേഷൻ ടെക്നോളജിയുടെ അനന്തിവിദൂര സാദ്ധ്യതകളെക്കുറിച്ച് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പലപ്പോഴും ഔദ്യോഗികവും അനൗദ്യോഗികവുമായി ചർച്ച ചെയ്യുന്നുണ്ട്. പക്ഷേ ഈ മേഖലകളുടെ നിലനിൽപ്പിന് അടിസ്ഥാനമായി ഈ വക കാര്യങ്ങളിൽ നമ്മൾ വേണ്ടവിധത്തിൽ ശ്രദ്ധപതിപ്പിക്കുന്നോ എന്നുള്ള സംശയമുണ്ടായതുകൊണ്ടാണ് ഞാൻ ഈ രംഗത്ത് ഏറ്റവും വലിയ കാൽവയ്പായ, ലോകം ഇന്ന് ഒരു ഗ്ലോബൽ വില്ലേജായതുകൊണ്ട് ചുണ്ടും ചെവിയും തമ്മിലുള്ള ദൂരമാണ് ഇന്ന് ലോകത്തിനുള്ളത്. നമ്മുടെ വായിലൂടെ പറയുന്നത് ലോകത്തിന്റെ ഏത് കോണിൽ ഇരുന്നാലും പതിനായിരക്കണക്കിന് മൈലുകൾ ദൂരെ ഇരുന്നാലും ഒരു നിമിഷം കൊണ്ട് ആ സന്ദേശം ലോകത്തിന്റെ ഏത് കോണിലുമുള്ള സഹോദരനേയോ ഭർത്താവിനേയോ മറ്റ് ബന്ധുക്കളേയോ അറിയിക്കാൻ പര്യാപ്തമായ തരത്തിലുണ്ടായ ഒരു വിപ്ലവകരമായ മാറ്റമാണ് സബ്സ്ക്രൈബർ ട്രങ്ക് ഡയലിങ് സിസ്റ്റം വഴി ഉണ്ടാക്കിയ ഈ പരിഷ്കാരം. അതിനുമുമ്പ് വെറും മാനുവൽ എക്സ്ചേഞ്ചുകളായിരുന്നു നമ്മുടെ രാജ്യത്ത്. ആ എക്സ്ചേഞ്ചുകളെയെല്ലാം 'സി-ഡോട്ട്' സംവിധാനം വഴി ബന്ധിപ്പിച്ച് അതെല്ലാം ഇലക്ട്രോണിക് എക്സ്ചേഞ്ചുകളാക്കി വീണ്ടും വളർത്തിയെടുത്ത് മാനത്ത് നിൽക്കുന്ന ഇൻസാറ്റ് ഉപഗ്രഹം വഴി ഒരു ഗ്ലോബൽ വില്ലേജായി ലോകത്തിന്റെ ഏത് കോണിൽ നിന്നും ഇൻഡ്യയിലെ 7 ലക്ഷം ഗ്രാമങ്ങളേയും 20,000 നഗരങ്ങളേയും ഒരുപോലെ ബന്ധിപ്പിച്ചുകൊണ്ടുള്ള മാറ്റം സാദ്ധ്യമായതിന്റെ ഫലമായി നമ്മൾ വാർത്താ വിനിമയ വിപ്ലവത്തിൽ ഒരു കുതിച്ചു ചാട്ടം നടത്തി. എനിക്ക് ഭാരത് സഞ്ചാർ നിഗം ലിമിറ്റഡിന്റെ കേരള ടെലികമ്മ്യൂണിക്കേഷൻ ജനറൽ മാനേജർ തന്ന റിപ്പോർട്ട് അനുസരിച്ച് കഴിഞ്ഞ ജൂൺമാസംവരെ കേരളത്തിൽ 30,50,554 ടെലഫോൺ കണക്ഷനുകളുണ്ടായിരുന്നു. അതിൽ ഏറിയ പങ്കും എസ്.ടി.ഡി. സംവിധാനമടക്കമുള്ളതാണ്.

(തുടരും)

IX. രക്തസാക്ഷി ദിനാചരണം

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ.....ഓർഡർ.....ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി ജീവത്യാഗം ചെയ്ത മഹൽ വ്യക്തികളുടെ സ്മരണക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട അംഗങ്ങളും പത്രപ്രതിനിധി സുഹൃത്തുക്കളും, ഗ്യാലറിയിൽ ഇരിക്കുന്നവരും എഴുന്നേറ്റ് നിന്ന് രണ്ടു മിനിറ്റ് മൗനം ആചരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(സഭാംഗങ്ങൾ രണ്ടുമിനിറ്റ് സമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.)

ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ —(തുടർച്ച)

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: കേരളത്തിലൊട്ടാകെ അർബൺ ഏരിയയിൽ 31823 എസ്.റ്റി.ഡി., ഐ.എസ്.ഡി. ബൂത്തുകളാണുള്ളത്. കഴിഞ്ഞ ജൂൺ മാസം 30-ാം തീയതി വരെയുള്ള കണക്കനുസരിച്ച് ഏകദേശം അറുപതിനായിരത്തിൽപ്പരം എസ്.റ്റി.ഡി. ബൂത്തുകൾ കേരളം ഒട്ടാകെ പ്രവർത്തിക്കുന്നു. ഇന്ന് എവിടെ തിരിഞ്ഞൊന്ന് നോക്കിയാലും

LIBRARY ARCHIVES Kerala Legislative Assembly

അവിടെയെല്ലാം എസ്.റ്റി.ഡി. ബൂത്ത് തന്നെ. മുൻപ് നമുക്ക് പത്ത് കിലോമീറ്ററിനകത്ത് ഒരു സന്ദേശം എത്തിക്കണമെങ്കിൽ ട്രങ്ക് ബുക്ക് ചെയ്യണം. ഞാൻ ഇന്നും ഓർക്കുകയാണ്. പെരുമൺ ദുരന്തം ഉണ്ടായ ദിവസം, ദുരന്തം നടക്കുന്ന സമയത്ത് ഈ സഭയിൽ ഒരു എം.എൽ.എ.- യുടെ കല്യാണത്തിന്റെ മുഹൂർത്തമായിരുന്നു. ആ ദുരന്തം അറിഞ്ഞ് ജില്ലാ ആശുപത്രിയിൽ എത്തിയപ്പോൾ, 1988-ൽ അന്ന് മന്ത്രിയായിരുന്ന ശ്രീ. ബേബി ജോണും ഞാനും നമ്മുടെ യു.ഡി.എഫ്. കൺവീനർ ശ്രീമാൻ ഉമ്മൻചാണ്ടിയുമൊക്കെ അവിടെ എത്തുമ്പോൾ, ജില്ലാ ആശുപത്രിയിൽ ഒരു എസ്.റ്റി.ഡി. ഫോണില്ല. ഇമ്പോർട്ടന്റ് കോൾ ബുക്ക് ചെയ്താണ് നാരായണസ്വാമി എന്നു പറയുന്ന ചീഫ് സെക്രട്ടറിക്ക് ബേബി ജോൺ, മന്ത്രി എന്നുള്ള രീതിയിൽ ഉള്ള ഉത്തരവ് നൽകുന്നത്. ഞാൻ നേരിട്ട് കേട്ടു കൊണ്ടിരുന്നതാണ്. ഇന്ന് എന്താണ് സ്ഥിതി. ഇന്ന് നമുക്ക് ലോകത്ത് എവിടേയും നമ്മുടെ സന്ദേശങ്ങൾ അയയ്ക്കുന്നതിന്, അടുത്തകാലത്ത് വന്നിട്ടുള്ള വാർത്താ വിനിമയരംഗത്തെ അതിവേഗത്തിലുള്ള കുതിച്ചു ചാട്ടത്തിന് സാധിക്കുന്നു. ബഹുമാന്യനായ മന്ത്രി ഇവിടെ പറഞ്ഞത് ഇതെല്ലാം Shops and Establishment Act-ന്റെ പരിധിയിൽ വരും എന്നാണ്. ഞാൻ ആന പാപ്പാൻ ബിൽ അവതരിപ്പിച്ചപ്പോഴും അങ്ങനെ തന്നെയാണ് പറഞ്ഞത്. ഞാൻ ഇവിടെ ജൈവ സാങ്കേതിക വിഭവ സംരക്ഷണ ബിൽ അവതരിപ്പിച്ചപ്പോഴും ബഹുമാന്യനായ മന്ത്രി ഇതുതന്നെയാണ് പറഞ്ഞത്. പിന്നീട് എന്താണ് ഉണ്ടായത്. ദിവസങ്ങൾക്കുള്ളിൽ നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി സ്വാതന്ത്ര്യദിന പരേഡിൽ അഭിവാദ്യം സ്വീകരിച്ചുകൊണ്ട് നടത്തിയ പ്രസംഗത്തിൽ അദ്ദേഹം കേരള സംസ്ഥാനത്ത് ജൈവ വിഭവ സംരക്ഷണ ബോർഡ് രൂപീകരിക്കുന്നതിന് വേണ്ടി നൂറുകോടി രൂപയുടെ കോർപ്പസ് ഫണ്ടിന്റെ കാര്യം, ഇപ്പോഴത്തെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ അത് പറഞ്ഞിട്ടുണ്ട്. ജൈവ സാങ്കേതിക വിഭവങ്ങൾ സംരക്ഷിക്കാൻ നമ്മുടെ കേരള സംസ്ഥാനം പെട്ടെന്ന് തീരുമാനം എടുക്കുവാനുള്ള രീതിയിൽ ഗതിവേഗം മാറ്റുവാൻ ഇതുപോലുള്ള സ്വകാര്യ മെമ്പർമാരുടെ ബില്ലുകൾക്കു പലതിനും കഴിഞ്ഞിട്ടുണ്ട്. ഇവിടെ അവതരിപ്പിക്കുന്ന സ്വകാര്യ മെമ്പർമാരുടെ ബില്ലുകളെല്ലാം നേരത്തെ സൂചിപ്പിച്ചതുപോലെ പിച്ചാത്തിക്കുട്ടപ്പൻ എന്നു പറഞ്ഞതുപോലെ അതിനെയെല്ലാം കുത്തി മലർത്തുന്ന അല്ലെങ്കിൽ അതിനെയെല്ലാം ഗില്ലറ്റിൻ ചെയ്യുന്ന, നയമാണ് കാണുന്നത്. അത് മാറ്റിക്കൊണ്ട് അതിൽനിന്നും ഉൾക്കൊള്ളാവുന്ന യാഥാർത്ഥ്യപരമായ വിഷയങ്ങളും കാര്യങ്ങളും മനസ്സിലാക്കിക്കൊണ്ട് ഗവൺമെന്റിന്റെ സംവിധാനത്തിനുള്ളിൽ നിന്നുകൊണ്ട് ഈ വക കാര്യങ്ങൾക്ക് നിയമപരമായ പരിരക്ഷ നൽകുവാനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. ഈ സ്ഥാപനങ്ങളിലൊക്കെ ജോലി എടുക്കുന്ന ആളുകളിൽ ഏതാണ്ട് 50% ൽ അധികം ആളുകൾ വികലാംഗരാണ്. വികലാംഗരെക്കുറിച്ച് എല്ലാവരും ഇവിടെ പറഞ്ഞു. ഈ കൊല്ലം തന്നെ ബഡ്ജറ്റിൽ നമ്മുടെ ബഹുമാന്യനായ മന്ത്രി ശ്രീ. കെ. ശങ്കരനാരായണൻ 110 രൂപയിൽ നിന്ന് 150 രൂപയായി വികലാംഗർക്ക് മാസം തോറും നൽകുന്ന പെൻഷൻ തുക വർദ്ധിപ്പിച്ചു. ഞാൻ കഴിഞ്ഞ ദിവസം ടി. വി.-യിൽ ഒരു വാർത്ത കണ്ടു തിരുവനന്തപുരത്ത് ഒരു എസ്. റ്റി. ഡി. ബൂത്ത് നടത്തുന്ന ഒരു വ്യക്തി ഒരു ചലച്ചിത്ര നിർമ്മാതാവാണ്. 6 സിനിമ നിർമ്മിച്ചു പൊളിഞ്ഞുപോയ ഒരു വ്യക്തിയാണ്. ഇന്ന് സ്വന്തമായി എസ്.റ്റി.ഡി. ബൂത്ത് നടത്തുകയാണ്, തിരുവനന്തപുരത്തെ കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷന് സമീപം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ: ബഹുമാനപ്പെട്ട മന്ത്രിയാണല്ലോ ഇന്ന് സഭയിൽ പിച്ചാത്തിക്കുട്ടപ്പന്റെ കാര്യം പറഞ്ഞത്. ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റ് വാഴനാരാണെന്ന് പറഞ്ഞപ്പോൾ കെ.പി.സി.സി. ജനറൽ സെക്രട്ടറി അത് പറഞ്ഞയാൾക്ക് ഇറച്ചി വെട്ടുകാരന്റെ സ്വഭാവമാണെന്ന് ഒരു പ്രസ്താവന വായിച്ചുകേട്ടു. അങ്ങനെ തിരുവനന്തപുരത്ത് സ്ഥിരമായി കേൾക്കുന്ന കാര്യം എന്ന നിലയിൽ ഇതിന് എന്താണ് ഒരു പരിഹാരമെന്ന് അങ്ങ് നിർദ്ദേശിക്കാമോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: അത് നാലാം ലോകത്തുള്ള വിദഗ്ധരെക്കൊണ്ട് പരിശോധിച്ചാൽ ഇക്കാര്യം മനസ്സിലാക്കാൻ പറ്റും. താത്വികമായ പഠനം വേണ്ടിവരും. വികലാംഗരാണ് ഈ മേഖലയിൽ കൂടുതലായി സ്വയം തൊഴിൽ കണ്ടെത്തിക്കൊണ്ട്, ജീവിത മാർഗ്ഗം സ്വീകരിക്കുന്നത്. ഈ വർഷത്തെ കണക്കനുസരിച്ച് വരുമ്പോൾ അറുപതിനായിരം ബൂത്തുകാരുടെ എണ്ണം എഴുപത്തയ്യായിരം കടന്നിരിക്കും. കാരണം ഓരോ വർഷവും പത്തു ശതമാനം വർദ്ധനവുണ്ട്. എനിക്ക് തന്നിട്ടുള്ള ആധികാരികമായ രേഖയിൽ പറയുന്നത് റൂറൽ അർബൺ ഏരിയയിൽ 20% വും റൂറൽ ഏരിയയിൽ 25% വുമാണ് വർദ്ധനവ് എന്നാണ്. ഓരോ ലോക്കൽ കാളിനും നാൽപ്പത് പൈസയാണ് അവരുടെ കമ്മീഷൻ. അത് കൂടാതെ സർവ്വീസ് ചാർജ്ജ് ഇനത്തിൽ അർബൺ ഏരിയയിൽ രണ്ടു രൂപയും റൂറൽ ഏരിയയിൽ ഒരു രൂപയും വച്ച് 100 കിലോമീറ്ററിന് പുറത്തുള്ള കാളുകൾക്ക് ഈടാക്കാമെന്നുള്ളതാണ് ഇവർക്ക് ആകെയുള്ള പരിരക്ഷ. ഇതു മാത്രം കൊണ്ട് പ്രസ്ഥാനങ്ങൾ നിലനിൽക്കുകയില്ല. ഇത് നിലനിർത്തേണ്ടത് നമ്മുടെ നിലനിൽപ്പിനുതന്നെ ആധാരമാണ്. നമ്മുടെ മാറ്റത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിന് ഏറ്റവും ഉതകുന്ന ഈ പ്രസ്ഥാനങ്ങളെ നിലനിർത്തുന്നതിനും, സംരക്ഷിക്കുന്നതിനും വേണ്ടി പ്രത്യേകമായ വ്യവസ്ഥകൾ കൈത്തൊഴിൽ വ്യവസ്ഥ ബില്ലിലായാലും, Shops and Establishment Act ആയാലും കൊള്ളാം, അവർക്ക് വേണ്ടിയുള്ള ഒരു പ്രത്യേക ഭാഗം .....

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ, നിങ്ങൾക്ക് അനുവദിച്ച സമയം കഴിഞ്ഞു Your time is over. Are you concluding today ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: No

മി. ഡെപ്യൂട്ടി സ്പീക്കർ You can continue next time.

(ചർച്ച തുടരും)

(5) 2003-ലെ കേരള സിദ്ധ മർമ്മ (പാരമ്പര്യ സംഘം) ചികിൽസാ തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: 2003-ലെ കേരള സിദ്ധമർമ്മ (പാരമ്പര്യ സംഘം) ചികിൽസാ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly